# മുഖ്യ സംഗ്രഹം

ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) നിയമം, 1992, 243പി മുതൽ 243ഇസഡ്ജി വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം IX എ (നഗരസഭകൾ) ഭരണഘടനയിൽ ചേർത്തു കൊണ്ട് നഗരതദ്ദേശ സ്ഥാപനങ്ങൾക്ക് (യുഎൽബി) ഭരണഘടനാ പദവി പകർന്നു നൽകി. സ്വയം ഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ അധികാരങ്ങളും പ്രാമാണ്യവും നൽകിക്കൊണ്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിന്യസിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനും അനുച്ഛേദം 243ഡബ്ല്യൂ സംസ്ഥാന നിയമസഭകളെ അധികാരപ്പെടുത്തി. ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യശേഷിയുടെ വ്യാപ്തി നിർണ്ണയിക്കുവാനായി '74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ ഫലപ്രാപ്തി' എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ പ്രധാന നിരീക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## സ്ഥാപനപരമായ സംവിധാനങ്ങളിലൂടെയുള്ള ശാക്തീകരണം

ഭരണഘടനയുടെ പന്ത്രണ്ടാമത് ഷെഡ്യൂളിൽ എണ്ണിപ്പറഞ്ഞിരിക്കുന്ന 18 പ്രവൃത്തികളിൽ 17 എണ്ണവും യുഎൽബികൾക്ക് കൈമാറിയെങ്കിലും കെ.എം. ആക്ടിന്റെ ഒന്നാം ഷെഡ്യൂളിലെ, പൊതുവായ-അനിവാര്യ-മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ കീഴിൽ വരുന്ന ഇനങ്ങളെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിലെ ഇനങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ഡോക്യുമെന്റഡ് മാപ്പിംഗ് ലഭ്യമല്ലായിരുന്നു. കൈമാറിയ 17 ചുമതലകളിൽ യുഎൽബികൾക്ക് ഏഴെണ്ണത്തിന്റെ മാത്രം പൂർണ്ണ ഉത്തരവാദിത്വമുണ്ടായിരുന്നു. ശേഷിക്കുന്ന പത്ത് ചുമതലകളുടെ കാര്യത്തിൽ, സംസ്ഥാന സർക്കാർ നേരിട്ടോ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയോ പദ്ധതികൾ നടപ്പാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് തുടർന്നു.

**(*ഖണ്ഡിക 2.3*)**

സ്കീമുകളുടെ സമാന്തര നടപ്പാക്കൽ സർക്കാർ ചെയ്തത് വഴി യുഎൽബികളിൽ നടപ്പിലാക്കേണ്ട വകുപ്പ് സ്കീമുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വകുപ്പധികാരികൾ ചെയ്യാനിടയായി. ഗുണഭോക്തൃ പട്ടികകൾ വകുപ്പധികാരികൾ തയ്യാറാക്കിയത് വാർഡ് സമിതികളോ / വാർഡ് സഭകളോ പരിശോധനയ്ക്ക് വിധേയമാക്കിയില്ല. തൻമൂലം ഇത്തരത്തിലുള്ള തെരഞ്ഞെടുക്കലിൽ അനർഹരായ ഗുണഭോക്താക്കളെ ചേർക്കൽ / ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് എന്നിവയ്ക്കുള്ള സാദ്ധ്യത ഉണ്ടായിരുന്നു.

**(*ഖണ്ഡിക 2.4.2*)**

സംസ്ഥാനത്ത് 2015-ലും 2020-ലും ഡീലിമിറ്റേഷൻ കമ്മീഷൻ സർക്കാർ രൂപീകരിക്കുകയും ഡീലിമിറ്റേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും സംസ്ഥാനത്ത് ഡീലിമിറ്റേഷൻ നടത്തിയില്ല. തൽഫലമായി, 2015-ലും 2020-ലും യുഎൽബികളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ കൗൺസിലർമാരുടെ സീറ്റുകളുടെയും വാർഡുകളുടെയും എണ്ണം നിശ്ചയിച്ചത്, 29 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലും ഒഴികെ, 2001 സെൻസസിലെ ജനസംഖ്യാ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ്. കൗൺസിലർമാരുടെ സീറ്റുകളുടെ എണ്ണം 2001 സെൻസസിലെ കണക്കുകളുടെ അടിസ്ഥാനത്തിലായിരുന്നതിനാൽ, സംസ്ഥാനത്ത് നിലവിൽ 60 കൗൺസിലർമാരുടെ മൊത്തം കുറവുണ്ടായിരുന്നു (കോർപ്പറേഷനുകൾ 01, മുനിസിപ്പാലിറ്റികൾ 59).

**(*ഖണ്ഡിക 2.5.1*)**

സംസ്ഥാനത്ത് രൂപീകരിച്ച അഞ്ച് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നൽകിയ 406 ശുപാർശകളിൽ 325 ശുപാർശകൾ സർക്കാർ അംഗീകരിച്ചു. ഇതിൽ 200 എണ്ണം (61.54 ശതമാനം) ഇനിയും നടപ്പാക്കാനുണ്ട്

**(*ഖണ്ഡിക 2.5.3*)**

വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള കരട് വികസന പദ്ധതി ഓരോ വർഷവും സെപ്റ്റംബർ 30-ന് മുൻപായി ഡിപിസി തയ്യാറാക്കേണ്ടതും, ആയത് സർക്കാർ അംഗീകാരത്തിനായി സമിതി ചെയർമാൻ അയയ്ക്കേണ്ടതുമായിരുന്നുവെങ്കിലും, ഓഡിറ്റ് കാലയളവിൽ ഒരിക്കൽ മാത്രമാണ്(2017-18) ജില്ലാ പദ്ധതി തയ്യാറാക്കിയത്.

**(*ഖണ്ഡിക 2.7*)**

## അധികാര വികേന്ദ്രീകരണത്തിലെ ഫലപ്രാപ്തി

കെ.എം നിയമം നിർദ്ദേശിക്കുന്നത്, സർക്കാർ ഗസറ്റ് വിജ്ഞാപനത്തിൽ വ്യക്തമാക്കിയ തീയതി മുതൽ എല്ലാ ആസ്തികളും, ജലവിതരണ അഴുക്കുചാൽസേവനങ്ങളും, ജോലികളുടെ നിർവ്വഹണവും, ജലസംഭരണം / വിതരണം, വാട്ടർ ചാർജ്ജ് നിശ്ചയിക്കൽ, പിരിച്ചെടുക്കൽ എന്നിവ മുനിസിപ്പാലിറ്റിക്ക് കൈമാറണമെന്നാണ്. പക്ഷെ അത്തരമൊരു വിജ്ഞാപനം സർക്കാർ ഇറക്കിയിട്ടില്ല. തൽഫലമായി ജലവിതരണം, അഴുക്കുചാൽസേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആസ്തി-ബാദ്ധ്യതകൾ പാരാസ്റ്റേറ്റൽ ആയ കേരള വാട്ടർ അതോറിറ്റിയിൽ (കെഡബ്ല്യൂഎ) തന്നെ നിക്ഷിപ്തമാണ്, ഇത് സൂചിപ്പിക്കുന്നത്, നിയമം നിഷ്കർഷിക്കുന്ന അടിസ്ഥാന ചുമതലകളുടെ പോലും വികേന്ദ്രീകരണത്തിന്റെ അഭാവമാണ്.

**(*ഖണ്ഡിക 3.1.1*)**

ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളിൽ ₹33.94 കോടിയുടെ ഡെപ്പോസിറ്റ് ജോലികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കെഡബ്ല്യൂഎ ലഭ്യമാക്കിയില്ല.

**(*ഖണ്ഡിക 3.1.1*)**

യുഎൽബികളിൽ ജലവിതരണത്തിലെ പ്രമുഖ പങ്കുവഹിക്കുന്ന പാരാസ്റ്റേറ്റൽ ആയിരുന്നിട്ടും കെഡബ്ല്യൂഎ പ്രവൃത്തികളുടെ നിലവാരത്തിന്റെ അളവുകോൽ ആവിഷ്കരിക്കുകയോ, ജലവിതരണത്തിന്റെ സേവനതലത്തിലെ അളവുകോൽ നിർണ്ണയത്തെ(എസ്.എൽ.ബി) ക്കുറിച്ചുള്ള വിശദാംശങ്ങൾ യുഎൽബികളെ അറിയിക്കുകയോ ചെയ്തില്ല. അനന്തരഫലമായി പ്രവൃത്തിയുടെ യഥാർത്ഥ നടത്തിപ്പിനെക്കുറിച്ച് കെഡബ്ല്യൂഎയിൽ നിന്ന് പ്രത്യേക വിവരങ്ങളൊന്നുമില്ലാതെ യുഎൽബികൾക്ക് എസ്.എൽ.ബി നടത്തേണ്ടി വന്നു.

**(*ഖണ്ഡിക 3.1.2*)**

കേരള വാട്ടർ അതോറിറ്റി അവസാനമായി വാട്ടർ ചാർജ്ജുകൾ പുതുക്കിയത് 2014 ഒക്ടോബറിലാണ്. കേരള വാട്ടർ അതോറിറ്റി നിശ്ചയിച്ചതനുസരിച്ച് ഓരോ പൊതുടാപ്പിനും ₹7884 വെച്ച് യുഎൽബികൾ ഓരോ വർഷവും അടയ്ക്കണമെന്നാണ്. ഓഡിറ്റ് പരിശോധന നടത്തപ്പെട്ട യുഎൽബികൾ ₹9.66 കോടി ഓഡിറ്റ് കാലയളവിൽ പൊതുടാപ്പുകൾക്കായി കെഡബ്ല്യൂഎയ്ക്ക് നൽകി.

**(*ഖണ്ഡിക 3.1.3*)**

അവരവരുടെ അധികാര പരിധിയിലെ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ എല്ലാ യുഎൽബികളും പരിപൂർണ്ണമായും പ്രാപ്തരല്ല എന്നത്, ഖരമാലിന്യ പരിപാലനത്തിന്റെ വികേന്ദ്രീകരണത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് ആശങ്ക ഉയർത്തുന്നു. പരിശോധന നടത്തിയ 21 യുഎൽബികളിൽ, ഒൻപത് യുഎൽബികളിൽ ജൈവമാലിന്യങ്ങളുടെ സംസ്കരണശേഷി ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമല്ല എന്ന് കണ്ടു, ഒൻപതും പതിനൊന്നും യുഎൽബികളിൽ യഥാക്രമം,

പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യത്തിന്റെ കാര്യത്തിലും പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യത്തിന്റെ കാര്യത്തിലും, സംസ്കരണശേഷി ഉൽപാദിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമായിരുന്നില്ല.

**(*ഖണ്ഡിക* 3.2.1)**

ഓഡിറ്റ് കാലയളവിലെ (2015-2020), ഖരമാലിന്യ പരിപാലനത്തിനു വേണ്ടിയുള്ള ചെലവിന്റെ ശതമാനം വിതരണം ചെയ്ത ഫണ്ടിന്റെ 1.58 മുതൽ 45.16 വരെ മാത്രമായിരുന്നു.

**(*ഖണ്ഡിക* 3.2.1)**

കേരള പബ്ളിക് ഹെൽത്ത് ഓർഡിനൻസ് 2021, പ്രഖ്യാപിച്ചത്, സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് സംസ്ഥാനത്തെ പൊതുജനാരോഗ്യത്തിന്റെ ഭരണം മെച്ചപ്പെടുത്തുന്നതിന് ആവശ്യമുള്ള അധികാരം നൽകുവാൻ വേണ്ടി ആയിരുന്നെങ്കിലും, ഓർഡിനൻസ് ഇതുവരെ നിയമമാക്കാത്തതിനാൽ സംസ്ഥാനത്തിന് അര നൂറ്റാണ്ടിലേറെയായി ഒരു ഏകീകൃത ആരോഗ്യ നിയമം ലഭിക്കാതെ പോയി.

**(*ഖണ്ഡിക* 3.3.1)**

തിരിച്ചടവ് പ്രയാസമാകുമെന്ന കാരണത്താൽ ലോൺ സൗകര്യം സ്വീകരിക്കുന്നത് എതിർത്ത യുഎൽബി കൗൺസിലുകളുടെ അഭിപ്രായം അമൃതിന് കീഴിൽ പ്രോജക്ടുകൾ അംഗീകരിക്കുന്ന സമയത്ത് പരിഗണിക്കപ്പെട്ടില്ല. തെരഞ്ഞെടുത്ത യുഎൽബി (കണ്ണൂർ കോർപ്പറേഷൻ) വാർഷിക പദ്ധതി ഫണ്ടു വിഹിതം ₹30 കോടിയായിരിക്കെ ₹33 കോടി അമൃതിന് വേണ്ടി മാറ്റി വയ്ക്കാൻ സാധിക്കില്ലെന്നും അങ്ങനെ ചെയ്താൽ വികസന പദ്ധതികൾ നടപ്പാക്കാനാകാതെ വരുമെന്നും അഭിപ്രായപ്പെട്ടത് സംസ്ഥാനം പരിഗണിച്ചില്ല.

**(*ഖണ്ഡിക* 3.4.2)**

## സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം

2019-20-ലെ ഡേറ്റാ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ, പരിശോധന നടത്തിയ 21 യുഎൽബികളിൽ ഒരു യുഎൽബിക്ക് മാത്രമെ തനതു വരുമാനവും ആകെ വരുമാനവുമായുള്ള അനുപാതം 40 ശതമാനത്തിൽ കൂടുതൽ ആയിരുന്നുള്ളൂ. രണ്ട് യുഎൽബികളിൽ അനുപാതം 30-40 ശതമാനപരിധിയിൽ ആയിരുന്നു. തദ്ദേശസാമ്പത്തിക സ്വയംപര്യാപ്തതയ്ക്കായി യുഎൽബികൾ വരുമാനസാദ്ധ്യതയുള്ള സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന അടിയന്തിര ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

**(*ഖണ്ഡിക* 4.1.3)**

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികളിലെ ആകെ വരുമാനവുമായി തനതു വരുമാനത്തിന്റെ വിഹിതം 17.42 മുതൽ 26.65 ശതമാനം വരെ ആയിരുന്നു. ഇത് സൂചിപ്പിക്കുന്നത് തനതു വരുമാനം വർദ്ധിപ്പിക്കേണ്ട സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നാണ്.

**(*ഖണ്ഡിക* 4.2.1)**

കണ്ടിൻജന്റ് ബില്ലുകൾ മുഖാന്തിരം സഞ്ചിത നിധിയിൽ നിന്നും പിൻവലിക്കുന്ന സംവിധാനമനുസരിച്ച്, എല്ലാ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ ട്രഷറി ക്യൂവിലോട്ട് മാറ്റേണ്ടതും അടുത്ത സാമ്പത്തികവർഷം പാസാക്കാൻ ഉദ്ദേശിച്ചുള്ളതും ആണ്. എന്നാൽ വളരെ നേരത്തെ, അതായത്, മുൻവർഷത്തെ ജൂൺ മാസത്തിൽ തന്നെ സമർപ്പിച്ച ബില്ലുകൾ പോലും ട്രഷറി ക്യൂവിൽ നിലനിർത്തിയിരുന്നു.

തൽഫലമായി, തെരഞ്ഞെടുത്ത യുഎൽബികൾക്ക് 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ എസ്.എഫ്.സി സഹായധനത്തിൽ നിന്നും ₹447.74 കോടി വിനിയോഗിക്കാൻ കഴിഞ്ഞില്ല.

**(*ഖണ്ഡിക 4.2.3*)**

നഗരകാര്യ ഡയറക്ടർ (ഡിയുഎ) സൂക്ഷിക്കുന്ന കേന്ദ്രപെൻഷൻ ഫണ്ടിലേയ്ക്ക് (സി.പി.എഫ്), യുഎൽബികൾ പെൻഷൻ വിഹിതം യഥാസമയം ശേഖരിക്കുകയും ഡിയുഎയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നുണ്ടോ എന്ന് മേൽനിരീക്ഷിക്കുവാൻ യാതൊരു സംവിധാനവും ഇല്ലായിരുന്നു. തൽഫലമായി, യുഎൽബിയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ വിതരണം സി.പി.എഫിൽ നിന്ന് ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. തെരഞ്ഞെടുത്ത 21 യുഎൽബികളിൽ, 14 എണ്ണം നൽകിയ വിവരം ചൂണ്ടിക്കാണിക്കുന്നത് ഓഡിറ്റ് കാലയളവിൽ മരണാനന്തര റിട്ടയർമെന്റ് ആനുകൂല്യങ്ങൾ യുഎൽബികൾ തനതു ഫണ്ട് / പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നാണ് നൽകിയിരുന്നത് എന്നാണ്. സംസ്ഥാനത്തൊട്ടാകെ, 2020 മാർച്ചോടെ, 75 യുഎൽബികൾക്ക് ₹542.81 കോടി സി.പി.എഫിൽ നിന്നും കൊടുക്കേണ്ടതായി അവശേഷിച്ചിരുന്നു.

**(*ഖണ്ഡിക 4.2.4*)**

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നത്, പുതിയ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14 മുതലും നിലവിലെ കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2011 ഏപ്രിൽ 01 മുതലും ബാധകമാക്കേണ്ടതാണ്. നിലവിലെ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന രീതി നിലവിൽ വരുന്ന തീയതി, ആദ്യം 2013 ഏപ്രിൽ 01 (2013 മാർച്ചിൽ) വരെയും പിന്നീട് 2016 ഏപ്രിൽ 01 (2019 മാർച്ചിൽ) വരെയും സർക്കാർ നീട്ടി. തൽഫലമായി നിലവിലെ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14-ൽ നിലവിലുണ്ടായിരുന്ന നിർണ്ണയ രീതിയും നിരക്കും തുടർന്നു.

**(*ഖണ്ഡിക 4.2.5.1*)**

പുതിയ നികുതി ദായകർക്ക് തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതി നിരക്കുകൾ 2011 ജനുവരി 14 മുതൽ നിലവിൽ വന്നിട്ടും, അഞ്ചുവർഷത്തിനു ശേഷം 2016-ൽ നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതായിരുന്നെങ്കിലും, പത്തു വർഷക്കാലം കഴിഞ്ഞിട്ടും (2021 മാർച്ച്) നിരക്കു പരിഷ്കരണം നടന്നിട്ടില്ല. അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ പരിഷ്കരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതു കാരണം, യുഎൽബികൾക്ക് വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കാൻ കഴിഞ്ഞിരുന്നില്ല.

**(*ഖണ്ഡിക 4.2.5.1*)**

നികുതി ചുമത്തേണ്ടുന്ന എല്ലാ വസ്തുക്കൾക്കും മേൽ വസ്തു നികുതി ചുമത്തി പിരിക്കുന്നത് ഉറപ്പാക്കാൻ, യുഎൽബികളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ വസ്തുക്കളുടെയും കണക്കെടുത്ത് വസ്തു നികുതി നിശ്ചയിച്ച്, വസ്തുക്കളുടെ നികുതി നിർണ്ണയത്തിനും, മൂല്യനിർണ്ണയത്തിനും അനുയോജ്യമായ അടിസ്ഥാനത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുവാനും അവ കാലാനുസൃതമായി പരിഷ്കരിക്കാനുമുള്ള നടപടികൾ വസ്തു നികുതി ബോർഡ് എടുക്കേണ്ടതാണ്. സംസ്ഥാനത്ത് ഇതുവരെ ബോർഡ് രൂപീകരിച്ചിട്ടില്ല.

**(*ഖണ്ഡിക 4.2.5.1*)**

എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, ജീവനക്കാരുടെയും, അസംഘടിതമേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും അനുയോജ്യമായ ഡേറ്റാബേസിന്റെ അഭാവം കൊണ്ടും, ബന്ധപ്പെട്ട തദ്ദേശ സർക്കാരുകളുടെ പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ

തൊഴിൽ നികുതി വലയത്തിനുള്ളിൽ കൊണ്ടു വരുന്നതിനായി വാർഡ് മെമ്പർമാർ / കൗൺസിലർമാരുടെ സഹായത്തോടെ ഈ ഉദ്യോഗസ്ഥരുടെ ഒരു സർവ്വേ നടത്തുന്നതിലുണ്ടായ പരാജയം കൊണ്ടും, യുഎൽബികളുടെ തൊഴിൽ നികുതിയുടെ അടിത്തറ വ്യാപിപ്പിക്കാൻ സാധിച്ചില്ല.

**(*ഖണ്ഡിക* 4.2.5.2)**

2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് വരുമാനമായി വിനോദനികുതി പിരിച്ചിരുന്നില്ല. ഈയിനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി, 2017-18 കാലയളവിലേയ്ക്ക് യുഎൽബികൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയെങ്കിലും, 2018 ഏപ്രിൽ മുതൽ 2019 മെയ് വരെയുള്ള കാലയളവിലേയ്ക്ക് ഒരു നഷ്ടപരിഹാരവും നൽകിയിരുന്നില്ല.

**(*ഖണ്ഡിക* 4.2.5.4)**

2011-ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ, മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള സമയം 2011 മുതൽ 2017 ജനുവരി വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച നിരവധി സർക്കാർ ഉത്തരവുകളിലൂടെ നിരന്തരം നീട്ടി വച്ചു. അങ്ങനെ, ചട്ടങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കുകൾ അനുസരിച്ച് ലൈസൻസ് ഫീ ചുമത്തുന്നത് തുടർന്നു കൊണ്ടിരിക്കുകയും തൽഫലമായി 2011 മുതൽ 2018 വരെയുള്ള കാലയളവിൽ യുഎൽബികൾക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാന സ്രോതസ്സ് നിഷേധിക്കപ്പെടുകയും ചെയ്തു.

**(*ഖണ്ഡിക* 4.2.5.6)**

## മനുഷ്യവിഭവങ്ങൾ

2014-ൽ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളെ I, II, III എന്നീ ഗ്രേഡുകളായി തരംതിരിച്ചുവെങ്കിലും, മുനിസിപ്പൽ കോർപ്പറേഷനുകളെ അത്തരത്തിൽ തരംതിരിച്ചില്ല. ഗ്രേഡിങ് പ്രക്രിയയുടെ ഫലമായി, പുതുതായി രൂപീകരിച്ച 27 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കോർപ്പറേഷനിലും നിലവിലുള്ള മറ്റു രണ്ട് കോർപ്പറേഷനുകളിലും ഒഴികെ, ഒരു യുഎൽബിയിലും പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഒരേ ഗ്രേഡിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾക്കിടയിൽപ്പോലും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, സീനിയർ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് മുതലായ തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ വ്യതിയാനമുണ്ട്.

**(*ഖണ്ഡിക* 5.1.1)**

2020-ലെ പ്രഖ്യാപിത ജനസംഖ്യ പ്രകാരം 21 തെരഞ്ഞെടുത്ത യുഎൽബികളിൽ, ഓരോ 1000 ജനസംഖ്യയ്ക്കുള്ള ജീവനക്കാരുടെ എണ്ണം വിശകലനം ചെയ്തപ്പോൾ, അത് 0.3-നും 2.74-നും ഇടയിൽ ആണെന്ന് കണ്ടു. ആലുവ മുനിസിപ്പാലിറ്റിയിൽ ഓരോ 1000 ജനസംഖ്യയ്ക്ക് 2.74 ജീവനക്കാർ ഉണ്ടെന്നിരിക്കെ, 17 യുഎൽബികളിൽ ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിൽ കുറവ് ജീവനക്കാരാണുണ്ടായിരുന്നത്. മൂന്ന് യുഎൽബികളിൽ മാത്രമാണ് ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിനും രണ്ടിനും ഇടയിൽ ജീവനക്കാരുടെ എണ്ണം ഉണ്ടായിരുന്നത്.

**(*ഖണ്ഡിക* 5.1.1)**

സംസ്ഥാനത്തെ യുഎൽബികളിൽ 2021 മാർച്ച് 31-ൽ 6619 തസ്തികകളിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ തസ്തികകൾ ഒഴികെ) 859 എണ്ണം ഒഴിഞ്ഞുകിടന്നത്, നിയമനത്തിലെ അപര്യാപ്തത വെളിപ്പെടുത്തുന്നു. യുഎൽബികളിലെ എൻജിനീയറിംഗ്

വിഭാഗത്തിൽ അനുവദിക്കപ്പെട്ട 1117 അംഗബലത്തിനെതിരെ 994 ജീവനക്കാർ മാത്രമാണുള്ളത്.

**(*ഖണ്ഡിക 5.1.2.1*)**